"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കെ.എസ്.ഡബ്ല്യൂ.എം.പി. - തദ്ദേശ സ്ഥാപനങ്ങളിൽ ഐ.ഇ.സി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1465/2026/LSGD തീയതി, തിരുവനന്തപുരം, 07-08-2026

---

പരാമർശം:-

1. സ. ഉ.(സാധാ)നം.397/2025/തസ്വഭവ തീയതി 08.02.2025.
2. സ. ഉ.(സാധാ)നം.214/2026/തസ്വഭവ തീയതി 27.01.2026
3. കെ.എസ്.ഡബ്ല്യൂ.എം.പി. പ്രോജക്ട് ഡയറക്ടറുടെ 17.06.2026 തീയതിയിലെ 1832/IEC/2024/KSWMP നം. കത്ത്

**<u>ഉത്തരവ്</u>**

കേരള ഖരമാലിന്യ പരിപാലന പദ്ധതി (കെ.എസ്.ഡബ്ല്യൂ.എം.പി.) മുഖേന സംസ്ഥാനത്തെ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിപുലമായ പ്രചരണ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ സമഗ്രമായ ഐ.ഇ.സി (IEC) പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയും, ഐ.ഇ.സി പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ 2025 സെപ്റ്റംബർ മാസത്തിനകം പൂർത്തിയാക്കേണ്ടതാണെന്നും നിർദ്ദേശിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) പരാമർശം (2) പ്രകാരം കെ.എസ്.ഡബ്ല്യൂ.എം.പി. മുഖേനയുള്ള ഐ.ഇ.സി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 2026 ജൂൺ 30 വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(3) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പും നിയമസഭാ തിരഞ്ഞെടുപ്പും നടന്നതിനാൽ, തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടത്തിന്റെ നിയന്ത്രണങ്ങൾ കാരണം ഐ.ഇ.സി പ്ലാനിൽ ഉൾപ്പെട്ട വിവിധ പ്രവർത്തനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലെന്നും, ഐ.ഇ.സി പ്ലാനിലെ ശേഷിക്കുന്ന പ്രവർത്തനങ്ങൾ ഫലപ്രദമായി പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി 2026 ഡിസംബർ 31 വരെ ദീർഘിപ്പിക്കണമെന്നും പരാമർശം (3) പ്രകാരം കെ.എസ്.ഡബ്ല്യൂ.എം.പി. പ്രോജക്ട് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശിത ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കെ.എസ്.ഡബ്ല്യു.എം.പി. മുഖേന സമഗ്രമായ ഐ.ഇ.സി പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള കാലാവധി 2026 ഡിസംബർ 31 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നന്ദന എസ് പിള്ളൈ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
പ്രോജക്റ്റ് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.
ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്.
എല്ലാ നഗര തദ്ദേശഭരണ സ്ഥാപന സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by
Krishnadev R L
Date: 07-08-2026
13:08:27
സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്.